**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2963** **28-02-2023 - ൽ മറുപടിയ്ക്ക്**

**പമ്പ് ഹൗസുകളിലെ ഓട്ടോമേഷൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിക്ക് പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | അനുവദിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ (RKI) ഉൾപ്പെടുത്തി ആകെ 16 പ്രവർത്തികൾക്ക് 239.84 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.ഇവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | എതെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത ഫണ്ട് വിനിയോഗിക്കപ്പെട്ടതെന്നും ഇതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ഓട്ടോമേഷൻ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | വാട്ടർ അതോറിറ്റിയിൽ RKI ഓട്ടോമേഷനുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവർത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.<br>1. സബ്മേഴ്സിബിൾ പമ്പുകളുടെ ഓട്ടോമേഷൻ, 2. സ്റ്റാൻഡ്ബൈ കൺട്രോൾ മൊഡ്യൂൾ വാങ്ങുന്നതിന്, 3. അണുനശീകരണ പ്രവർത്തനങ്ങൾക്ക് , 4. സംവിധാനങ്ങളുടെ സുരക്ഷയ്ക്ക് സിസിടിവി ക്യാമറ സ്ഥാപിക്കുന്നതിന്, 5. VT പമ്പുകളുടെ ഓട്ടോമേഷനും അതിനോട് അനുബന്ധിച്ച് വാൽവുകളും , സ്റ്റാർട്ടറുകളും വാങ്ങുന്നതിനും. നിലവിൽ ടി പ്രവർത്തികൾ ഘട്ടം ഘട്ടമായി പൂർത്തിയായി വരുന്നു. (പൂർത്തിയായവ - സബ്മേഴ്സിബിൾ പമ്പ് - 350 എണ്ണം, വെർട്ടിക്കൽ ടർബൈൻ -104 എണ്ണം സ്റ്റാൻഡ് ബൈ മൊഡ്യൂൾ 74 എണ്ണം സിസിടിവി - 192 എണ്ണം ഡോസിങ് - 61 എണ്ണം) |
| (സി) | എങ്കിൽ ഏത് കമ്പനിക്കാണ് പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ഓട്ടോമേഷൻ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ലഭിച്ചത്; ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങളുടേയും ഇതിൽ പങ്കെടുത്തിരുന്ന സ്ഥാപനങ്ങളുടേയും വിശദവിവരം ലഭ്യമാക്കാമോ; | (സി) | പമ്പ് ഹൗസുകളിലെ ഓട്ടോമേഷനും അനുബന്ധ പ്രവർത്തനങ്ങൾക്കും താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് അനുമതി ലഭ്യമായിട്ടുണ്ട്.<br><br>വോൾവർട്ട് ഇലക്ട്രിക് പ്രൈവറ്റ്, ലിമിറ്റഡ്, വെണ്ണല, കൊച്ചി.<br><br>ഗോകുലം ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വർക്സ്, അങ്ങാടിപ്പുറം<br><br>ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സർവീസ്, പട്ടാമ്പി റോഡ് എൻജിനീയേഴ്സ് വേ, കണ്ണൂർ |

| | | | |
|---|---|---|---|
| | | | ഗ്രീൻ ഡീസൽ, കണ്ണൂർ<br><br>സ്മാക്സ് ഓട്ടോമേഷൻസ് പോട്ട്സ് ഡിവൈസ് & സിസ്റ്റം, മൂവാറ്റുപുഴ<br><br>ട്രിസ് മാർക്കറ്റിംഗ് ജോറ്റ്നന്റ്സ്, തൃശ്ശൂർ<br>സ്മാർട്ട് ടെക്നിക്സ് പ്ലാനറ്റ് സൊല്യൂഷൻസ്<br>പോഡ്സ് ഐ ഒ ടി പ്രൈവറ്റ് ലിമിറ്റഡ്<br>പ്രൊഫിഷ്യന്റ് ഓട്ടോമേഷൻ ആൻഡ് കൺട്രോൾസ്<br>വോൾവെർട് ഇലക്ട്രിക്ക് പ്രൈവറ്റ് ലിമിറ്റഡ്<br>അരിമ്പൂർ പവർ സർവീസസ്<br><br>ഡെൻ ഏദൻസ് സസ്റ്റൈനബിൾ സൊല്യൂഷൻസ്<br>ഫാരഡെ ഇലക്ട്രിക്ക് വർക്ക്<br><br>കുമാർ കൺസ്ട്രക്ഷൻസ്<br><br>വി എസ് അസ്സോസിയേറ്റ്സ്<br><br>മഹാലക്ഷ്മി ട്രേഡേഴ്സ്<br><br>പദ്ധതി നിലവിൽ പൂർത്തീകരിക്കാത്തതിനാൽ ടെൻഡർ / കോട്ടേഷൻ വിവരങ്ങൾ പൂർണമായും ക്രോഡീകരിച്ചിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതാണ്. |
| (ഡി) | കെൽട്രോൺ അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പ്രസ്തുത ടെണ്ടർ നടപടികളിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ എന്ന് അറിയിക്കാമോ; | (ഡി) | ഓപ്പൺ ടെൻഡർ (e ടെൻഡർ) വ്യവസ്ഥയും, ഓപ്പൺ കോട്ടേഷൻ വ്യവസ്ഥയിലുമാണ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. ആയതിനാൽ തന്നെ കെൽട്രോൺ അടക്കമുള്ള പൊതുമേഖല സ്ഥാപനങ്ങൾക്കും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം പങ്കെടുക്കാവുന്നതാണ്. |
| (ഇ) | ഓട്ടോമേഷൻ സംവിധാനം പ്രാവർത്തികമായപ്പോൾ എത്ര താല്ക്കാലിക ജീവനക്കാർക്കാണ് ജോലി നഷ്ടമായത്; ഇവരെ വാട്ടർ അതോറിറ്റിയുടെ മറ്റ് പ്രോജക്ടുകളിലോ യൂണിറ്റുകളിലോ പുനർവിന്യസിക്കുന്നതിനുള്ള എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ഇ) | സ്ഥിരം ജീവനക്കാർ ഇല്ലാത്ത പമ്പ് ഹൗസുകളിൽ ആവശ്യമായി വരുന്ന തൊഴിൽ ദിനങ്ങൾ കരാറുകാർ മുഖേനയാണ് നികത്തിയിരുന്നത്.<br><br>ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഓട്ടോമേഷൻ സംവിധാനം പ്രാവർത്തികമായപ്പോൾ 67 തൊഴിൽ ദിനങ്ങൾ ആവശ്യമില്ലാത്ത തായി വന്നു. ഇതിൽ 19 എണ്ണം മറ്റു സ്ഥലങ്ങളിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. കേരളത്തിലെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുവാൻ വിഭാവനം ചെയ്തിട്ടുള്ള ജെജെഎം പദ്ധതിയിൽ വിപുലമായ വികസന പ്രവർത്തികളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്, കൂടാതെ അമൃതിലും |

| | | | |
|---|---|---|---|
| | | | ബൃഹത് പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്, ആയതിനാൽ ഇത്തരം ബൃഹത് പദ്ധതികളിൽ കൂടി തന്നെ അധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. |
| (എഫ്) | താൽക്കാലിക ജീവനക്കാരുടെ അഭാവത്തിൽ പമ്പ് ഹൗസുകളിൽ ജല ശുദ്ധീകരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി ഇപ്പോൾ എന്ത് ബദൽ ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (എഫ്) | പമ്പ് ഓട്ടോമേഷൻ നടപ്പിലാക്കിയ പമ്പ് ഹൗസുകളിൽ ശുദ്ധീകരണ പ്രവർത്തങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസിജ്യർ (SoP) മുഖേന മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ അണുനശീകരണ പ്രവർത്തനവും ഓട്ടോമേഷൻ പ്രവർത്തിയുടെ ഭാഗമായി ഡോസിങ് സിസ്റ്റവും ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിരീക്ഷണത്തിനും, ഡോസിങ് പ്രവർത്തികൾ ഏകോപിപ്പിച്ച കൊണ്ടുപോകുന്നതിനും സ്ഥിര/ കരാർ മുഖേനയുള്ള ജീവനക്കാർ എന്നിവരുടെ സേവനം ലഭ്യമാക്കിവരുന്നു . |

സെക്ഷൻ ഓഫീസർ

Annexure 1
RKI works details

## DETAILS OF RKI KWA PROJECTS

| SL No | Scheme | AS Amount Rs. in Crores | Date of AS | Upto date Expenditure in Cr | Physical progress % |
|---|---|---|---|---|---|
| 1 | Improvement of WSS to Cheranalloor Panchayat | 21.00 | GO (Rt)123/2020 P&EA Dtd 3.3.2020 | 10.39 | Completed |
| 2 | Distribution network for RWSS to TV Puram Panchayat | 10.30 | GO (Rt)123/2020 P&EA Dtd 3.3.2020 | 7.01 | Completed |
| 3 | WSS to Kaduthuruthy and adjoining Villages - Supplying and laying Distribution system in Kuravilangadu Panchayath | 23.00 | GO (Rt)123/2020 P&EA Dtd 3.3.2020 | 6.29 | 45% |
| 4 | WSS to Erumeli Zone (I, III&V Part) | 5.50 | GO (Rt)123/2020 P&EA Dtd 3.3.2020 | 3.79 | 92% |
| 5 | WSS to Erumeli Panchayat-Laying Distribution system in Zone 4 - Kanakapallam | 4.00 | GO (Rt)123/2020 P&EA Dtd 3.3.2020 | 3.99 | Completed |
| 6 | WSS to Pavaratty & Mullassery Panchayaths in Chavakkad Taluk-Phase 2 | 54.80 | GO (Rt)123/2020 P&EA Dtd 3.3.2020 | 18.79 | 90% |
| 7 | CWSS to Sulthanbathery Municipality, Noolpuzha and Muttil Grama Panchayat in Wayanad District | 64.00 | GO (Rt)123/2020 P&EA Dtd 3.3.2020 | 37.37 | Package 1-77%<br>Package II- 86%<br>92% |
| 8 | Preparation of DPR for rehabilitation of existing system and providing Sewerage/Septage management system for TVPM Corporation | 8.00 ( Unspent Rs.6.00cr given to Sl no 10) | G.O. (Rt.) No.371/2020/P&EA dated 1.10.2020 | 0.14 | 53% (Terminated). Balance work being done internally |
| 9 | Energy Optimisation and replacing the inefficient Pumping System- energy audit | 0.30 | G.O (Rt) No: 164/2021/WRD dated 26.02.2021 | 0.28 | Completed |
| 10 | Planning and Economic Affairs (RKI) Department- Administrative Sanction accorded for the proposal from KWA- Topographical Survey in 28 Selected ULBs and DER Preparation including Topographical Survey for 4 Municipal Corporations, viz., Kollam, Kochi, Kozhikode and Kannur, for Implementing Sewerage System" | 6.00 | G.O.(Rt)No.352/2021/ P&EA16.08.2021 | 1.26 | 80% |
| 11 | Automation of Rural Pump Houses- | 11.42 | G.O.(Rt)No.74/2022/P&EA Dated 3.3.2022 | 0.78 | 43% |
| 12 | Project of "Providing additional facility to treat septage in 3 MLD Septage Treatment Plant (STP) of Guruvayoor Sewerage Scheme at Chakkumkandam" | 0.36 | G.O.(Rt)No.249/2022/P&EA dtd 23/6/22 | 0.00 | 20% |
| 13 | Energy Optimisation and replacing 16 inefficient pumping systems-implementation of recommendation of energy audit | 6.80 | G.o (Rt) No: 299/2022/P&EA dated 2.08.2022 Rs 6.8cr | 0.00 | 6.25% |
| 14 | RKI-WSS to Ramankary-Pipe line extension from Pallikoottamma tank site to Manalady SNDP, Madatiparambu Leksham veedu Colony and St.Mary's LPS, Manalady in ward No.1 of Ramankary Panchayath- | 0.65 | G.O (Rt) No. 336/22/P&EA date 31.8.2022 | 0.00 | 10% |
| 15 | Topographical Survey & DPR preparation of additional 7 ULBs for implementation of sewerage scheme | 0.311659 | G.O.(Rt)No.378/2022/P&EA Dated, 28-09-2022 | 0.14 | 57% |
| 16 | WSS to Neduvathoor Panchayath & Kottarakkara Municipality in Kollam district-Phase I- Implementation of production component of Kottarakkara Municipality | 29.40 | G.O 7/10/2022 | 0.00 | Soil test for 2 components were completed.Land acquisition work progressing at Panchayath/Municipality level. |
| | Total | 239.84 | | 90.22 | |